**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 322** **28-06-2024 - ൽ മറുപടിയ്ക്ക്**

**നാലാം ലോക കേരള സഭ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസികളായ മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും അവർ സംസ്ഥാന വികസനത്തിനായി മുന്നോട്ട് വെയ്ക്കുന്ന വികസന സമീപനവും ചർച്ച ചെയ്യുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും നാലാം ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും അവർ സംസ്ഥാന വികസനത്തിനായി മുന്നോട്ട് വയ്ക്കുന്ന വികസന സമീപനവും ചർച്ച ചെയ്യുന്നതിനും ക്രിയാത്മകമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും നാലാം ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസനത്തിൽ മുഖ്യ പങ്ക് വഹിക്കുന്ന പ്രവാസികളെ ഭരണ നിർവഹണത്തിനൊപ്പം ചേർത്തുനിർത്തുന്ന ജനാധിപത്യ പ്രക്രിയ ആണ് ലോക കേരള സഭ.<br><br>സമ്മേളനത്തിനൊടുവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പരിഗണിക്കേണ്ട വിഷയങ്ങളിൽ വിശദവും വ്യക്തവുമായ ഉപദേശ-നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ലോക കേരള സഭയുടെ പ്രധാന കർത്തവ്യം. മൂന്ന് സഭകളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ലോക കേരള സഭാ പ്രതിനിധികൾക്ക് സഭയ്ക്ക് പുറമേ ലോക കേരള സഭാ സെക്രട്ടേറിയേറ്റുമായി നിരന്തരം ആശയവിനിമയം സാധ്യമാക്കാൻ ഒരു മെംബേർസ് പോർട്ടൽ എന്ന സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. സഭയ്ക്കു മുൻപേയും സഭാ സമയത്തും ശേഷവും പ്രവാസി പ്രതിനിധികൾക്ക് അവരുടെ നിർദേശങ്ങളും പരാതികളും പ്രസ്തുത പോർട്ടലിൽ സമർപ്പിക്കാൻ സാധിക്കുന്നു.<br><br>കഴിഞ്ഞ രണ്ടു വർഷങ്ങൾക്കിടയിൽ ഉയർന്നുവന്ന പ്രധാന ചർച്ചാ വിഷയങ്ങളെയും പ്രവാസികളെയും നാടിനെയും അടിസ്ഥാനപ്പെടുത്തിയുള്ള വിഷയങ്ങൾ പരിശോധിച്ച് എട്ട് വിഷയ മേഖലകൾ അടിസ്ഥാനപ്പെടുത്തിയും, നിലവിലുള്ള ഏഴു ഭൂപ്രദേശാടിസ്ഥാനത്തിലുമുള്ള ചർച്ചകളാണ് ഇത്തവണ സംഘടിപ്പിച്ചത്. എമിഗ്രേഷൻ കരട് ബിൽ 2021, വിദേശ റിക്രൂട്ട്മെന്റ് പ്രോഗ്രാമുകൾ, സുസ്ഥിര |

| | | | |
|---|---|---|---|
| | | | പുനരധിവാസം – നൂതന ആശയങ്ങൾ, കുടിയേറ്റത്തിലെ ദുർബലകണ്ണികളും സുരക്ഷയും, നവ തൊഴിൽ അവസരങ്ങളും നൈപുണ്യ വികസനവും – പ്രവാസത്തിന്റെ പശ്ചാത്തലത്തിൽ, കേരള വികസനം – നവ മാതൃകകൾ, വിദേശ രാജ്യങ്ങളിലെ മാറുന്ന തൊഴിൽ-കുടിയേറ്റ നിയമങ്ങളും മലയാളി പ്രവാസവും, വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനവും പ്രവാസികളും തുടങ്ങിയ വിഷയ മേഖലകളും ഗൾഫ് നാടുകൾ, ഇതര ഏഷ്യൻ രാജ്യങ്ങൾ, യുകെ&യൂറോപ്പ്, ആഫ്രിക്ക, അമേരിക്കൻ വൻകര, തിരികെയെത്തിയ പ്രവാസികൾ, ഇന്ത്യക്ക് അകത്തുള്ള പ്രവാസികൾ തുടങ്ങിയ മേഖലാ ചർച്ചകളും സംഘടിപ്പിച്ചു. സഭയിൽ ഉയർന്നു വന്ന നിർദേശങ്ങൾ പരിശോധിച്ച് ക്രിയാത്മകമാകമായവ സർക്കാരിന് സമർപ്പിക്കുന്നതിന് ഒരു സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കും. |
| (ബി) | ഇതിന്റെ ഭാഗമായി ഉയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | നാലാം ലോക കേരള സഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ ലോക കേരള സഭാ സെക്രട്ടേറിയേറ്റ് ക്രോഡീകരിച്ചു വരുന്നു. |
| (സി) | പ്രവാസികളുടെ ഉന്നമനത്തിനായി കുടുംബശ്രീ മാതൃകയിൽ പ്രവാസി മിഷൻ രൂപം നൽകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | നാലാം സമ്മേളനത്തിൽ സുസ്ഥിര പുനരധിവാസം നൂതനാശയങ്ങൾ എന്ന വിഷയാടിസ്ഥാനത്തിൽ നടന്ന ചർച്ചയിൽ കുടുംബശ്രീ മാതൃകയിൽ പ്രവാസി മിഷൻ രൂപീകരിക്കണം എന്ന നിർദേശം ഉയർന്നു വന്നു. നിലവിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു ഒരു കുടക്കീഴിൽ കൊണ്ട് വരാൻ 'പ്രവാസി മിഷൻ' എന്ന ആശയം സബന്ധിച്ച് സർക്കാർ സാധ്യതാ പഠനങ്ങൾ നടത്തിയ ശേഷം തീരുമാനിക്കാവുന്നതാണ്. |
| (ഡി) | സമ്മേളനത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആഗോള നിക്ഷേപ സംഗമം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പുതിയ വ്യവസായ നയത്തിന്റെ തുടർച്ചയിൽ കയറ്റുമതിനയം, ലോജിസ്റ്റിക് പോളിസി, ഗ്രഫീൻ പോളിസി, ഇഎസ്ജി പോളിസി, ഹൈടെക് മാനുഫാക്ച്ചറിങ് പോളിസി എന്നിവയും വ്യവസായ പാർക്കുകളുടെ പുതുക്കിയ ലാൻഡ് അലോട്ട്മെന്റ് പോളിസിയും അടിയന്തിരമായി പ്രസിദ്ധീകരിച്ചതിന് ശേഷം ജനുവരിയിൽ ആഗോള നിക്ഷേപസംഗമം സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ലോക കേരള സഭയിൽ പങ്കെടുത്തവരെയും വ്യാപാര-വ്യവസായ മേഖലയിലെ പ്രമുഖരെയും ഉൾപ്പെടുത്തി വിപുലമായ നിക്ഷേപക സംഗമമാണ് വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ